"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - സ്കൂളുകളിലെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് സൂപ്പർ ചെക്ക് പരിശോധനയുടെ ഭാഗമായുള്ള സന്ദർശനങ്ങൾ ഓരോ വർഷവും നവംബർ 30 നകം പൂർത്തീകരിക്കണമെന്ന വ്യവസ്ഥ പിൻവലിച്ച - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ.(കൈ) നം.181/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 29/08/2021

---

പരാമർശം:- 1. സ.ഉ.(കൈ)നമ്പർ.72/78/പൊ.വി.വ തീയതി 13.06.78

2 സ.ഉ.(കൈ)നമ്പർ.6/89/പൊ.വി.വ തീയതി 28.01.89

3 സ.ഉ.(പി)154/14/പൊ.വി.വ തീയതി 11.08.14

4 സ.ഉ.(കൈ)നമ്പർ.51/19/പൊ.വി.വ തീയതി 31.05.19

5 സ.ഉ.(കൈ)നമ്പർ.63/19/പൊ.വി.വ തീയതി 08.06.19

**ഉത്തരവ്**

കെ ഇ ആർ അധ്യായം 23, റൂൾ 12 പ്രകാരമാണ് സ്കൂളുകളിൽ തസ്തിക നിർണ്ണയം നടത്തി വരുന്നത്. തുടർന്ന് തസ്തിക നിർണ്ണയ പരിശോധനകൾ നടത്തുന്നതിനായി പരാമർശം (1) പ്രകാരം ഒരു സൂപ്പർ ചെക്ക് സെൽ സർക്കാർ രൂപീകരിക്കുകയും പരാമർശം (2) പ്രകാരം തസ്തിക നിർണ്ണയ സൂപ്പർ ചെക്ക് പരിശോധനയുടെ ഭാഗമായുള്ള സ്കൂൾ സന്ദർശനങ്ങൾ ഓരോ വർഷവും നവംബർ 30 നകം പൂർത്തിയാക്കണമെന്ന നിർദേശം പുറപ്പെടുവിക്കുകയുമുണ്ടായി. തുടർന്ന് പരാമർശം (3) പ്രകാരം മേൽ ചട്ടം ഭേദഗതി ചെയ്യുകയുണ്ടായി.

2) കെ.ഇ.ആർ അദ്ധ്യായം 23 ചട്ടം 16 അനുസരിച്ച് അന്വേഷണം നടത്താൻ നിയുക്തരാകുന്നവരാണ് സൂപ്പർ ചെക്ക് ഓഫീസർമാർ. അവരുടെ അന്വേഷണത്തിന് സമയപരിധി പ്രസ്തുത ചട്ടത്തിൽ നിർദ്ദേശിച്ചിട്ടില്ല. മേല്പറഞ്ഞ ഉത്തരവ് പ്രകാരം നവം.30 എന്ന് നിജപ്പെടുത്തിയത് ഫിസിക്കൽ വെരിഫിക്കേഷൻ നിലവിലിരുന്ന സമയത്താണ്. ഇപ്പോൾ ആറാം പ്രവർത്തിദിനത്തെ യു.ഐ.ഡി. മാത്രം അടിസ്ഥാനപ്പെടുത്തി തസ്തികനിർണ്ണയം നടത്തുന്നതിനാൽ പരാമർശം (2)പ്രകാരം സൂപ്പർ ചെക്ക് പരിശോധനയുടെ ഭാഗമായുള്ള സ്കൂൾ സന്ദർശനങ്ങൾ നവംബർ 30-നകം പൂർത്തീകരിക്കണം എന്ന നിബന്ധന ബാധകമാക്കേണ്ടതില്ല. കൂടാതെ 2019-2020 അധ്യയന വർഷം മുതൽ എയ്ഡഡ് / സർക്കാർ സ്കൂളുകളിലെ തസ്തിക നിർണയവും എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാരവും സമന്വയ സോഫ്റ്റ് വെയർ ഉപയോഗിച്ച് ഓൺലൈനായി നടത്താൻ പരാമർശം (4), (5) ഉത്തരവുകൾ പ്രകാരം സർക്കാർ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

3) മേൽ വസ്തുതകൾ പരിഗണിച്ച പരാമർശം (2) പ്രകാരം നിലവിലിരിക്കുന്ന ചുവടെപ്പറയുന്ന വിധമുള്ള നിർദേശം ഇനി മുതൽ പിൻവലിച്ച് ഉത്തരവാകുന്നു:-

"physical verification of pupil strength by super check cell officer should be over on or

before 30th November of every year".

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M Mohammed Hanish
പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (ഡി ജി ഇ മുഖേന)

ഡയറക്ടർ, ഐ റ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഡയറക്ടർ, വെബ് & ന്യൂ മീഡിയ/ പ്രസ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്

പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും

കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by Parvathy. S.a
ഉത്തരവിൻ പ്രകാരം
Date: 31-08-2021 11:55:41
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി എ ക്ക്